കോടിയേരി പഞ്ചായത്തിൽ വാട്ടർ സപ്ലൈ സ്കീം

436 [473] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി താലൂക്കിൽ പ്രശ്ന വില്ലേജിൽ ഉൾപ്പെടുത്തിയ കോടിയേരി പഞ്ചായത്തിൽ വാട്ടർ സപ്ലൈ സ്കീം നടപ്പാക്കി വരുന്നുണ്ടോ;

(ബി) ഇതിന്റെ പ്രവൃത്തി ഏതു ഘട്ടം വരെയായി ;

(സി) ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയും?

ഉത്തരം

(എ) കോടിയേരി പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ പണികൾ നടന്നുവരികയാണ്.

(ബി) ഈ പദ്ധതിയുടെ കിണറിന്റേയും പമ്പ് ഹൗസിന്റേയും പണികൾക്കുവേണ്ടി ടർഘാസുകൾ ക്ഷണിച്ചുകഴിഞ്ഞു. ഉടൻ തന്നെ പണികൾ തുടങ്ങുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 1987 ഡിസംബറിൽ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തോട്ടയ്ക്കാട് വാട്ടർ സപ്ലൈ സ്കീം

437 [474] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി പഞ്ചായത്തിലെ തോട്ടയ്ക്കാട് വാട്ടർ സപ്ലൈ സ്കീം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) എപ്പോൾ ഈ സ്കീം പൂർത്തീകരിക്കാൻ കഴിയും?

ഉത്തരം

(എ) തോട്ടയ്ക്കാട് ശുദ്ധജല വിതരണ പദ്ധതിയ്ക്കുള്ള പമ്പ് സെറ്റ് ഓർഡർ കൊടുത്തിട്ടുണ്ട്. സാധനങ്ങൾ കരാറിൻ പ്രകാരം 30–6–1986–ൽ ലഭിക്കേണ്ടതാണ്. കൂടാതെ പവ്വർ കണക്ഷൻ ലഭിക്കേണ്ടതുമുണ്ട്.

(ബി) 1986 ഒക്ടോബർ മാസത്തിൽ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പെരുമ്പഴുതൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പണി

438 [475] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രൊബ്ലം വില്ലേജ് വാട്ടർ സപ്ലൈ സ്കീം അനുസരിച്ച് നെയ്യാറിൻകര വില്ലേജിന്റെ ഭാഗമായ പെരുമ്പഴുതൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പണി ഇപ്പോഴും നടക്കുന്നില്ല എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പണിക്ക് തടസ്സം നേരിടാൻ കാരണമെന്താണ്;

(സി) ഉടനടി പണി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോൺട്രാക്ടറുടെ അനാസ്ഥകാരണം ഒരു മാസമായി പ്രസ്തുത സ്കീമിന്റെ പണി നടക്കുന്നില്ല. പണി പുനരാരംഭിക്കണമെന്ന് കോൺട്രാക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

എറണാകുളം പി.എച്ച്. സർക്കിളിന് വാങ്ങിയ വാൽവുകൾ

439 [476] ശ്രീ: എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി, എറണാകുളം പി.എച്ച്. സർക്കിളിന് വേണ്ടി 1984 മാർച്ച് 30-ന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓർഡർ പ്രകാരം എത്ര രൂപായുടെ സ്ലൂയിസ് വാൽവ് വാങ്ങിയിട്ടുണ്ട്;

(ബി) ഈ വാൽവുകൾ ഏത് സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്;

(സി) കാലഹരണപ്പെട്ട സപ്ലൈ ഓർഡറിന്റെ അടിസ്ഥാനത്തിലാണ് വാൽവുകൾ വാങ്ങിയിട്ടുള്ളതെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 21,69,300 രൂപയുടെ സ്ലൂയിസ് വാൽവ് വാങ്ങിയിട്ടുണ്ട്.

(ബി) ഗീതാ മെറൽ വർക്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത്.

(സി) കാലഹരണപ്പെട്ട സപ്ലൈ ഓർഡറിന്റെ അടിസ്ഥാനത്തിലല്ല വാങ്ങിയിട്ടുള്ളത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly